# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3777 – 21/06/2019 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക്

ചോദ്യം

ഉത്തരം

ശ്രീ.വി.ടി.ബൽറാം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2019 ജനുവരി-മാർച്ച് ക്വാർട്ടറിൽ ഇന്ത്യയുടെ ജി.ഡി.പി. വളർച്ച 5.8 ശതമാനമാണെന്നും 5 വർഷത്തെ ഏറ്റവും താഴ്ന്ന വളർച്ചാനിരക്കായ 6 ശതമാനമാണ് കഴിഞ്ഞ വർഷത്തേതെന്നും ആശങ്കാജനകമാണെന്ന് കരുതുന്നുണ്ടോ; | ഇന്ത്യയുടെ ജി.ഡി.പി വളർച്ചാ നിരക്ക് കുറഞ്ഞുവരുന്നത് അഭികാമ്യമല്ല. |
| (ബി) | 2017-18 ൽ രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 45 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കായ 6 ശതമാനം രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഭാരത സർക്കാരിന്റെ മേല്പറഞ്ഞ നിരക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാന സർക്കാരിന്റെ ഈ മേഖലയിലുള്ള നേട്ടം അല്ലെങ്കിൽ കോട്ടം വ്യക്തമാക്കുമോ? | കേരളത്തിന്റെ ജി.എസ്.ഡി.പി വളർച്ചാ നിരക്ക് നടപ്പ് വിലയിൽ 2016-17-ൽ 9.67 ശതമാനവും 2017-18-ൽ 11.42 ശതമാനവും ആയിരുന്നു. സ്ഥിര വിലയിൽ (2011-12 അടിസ്ഥാന വർഷം) ഇത് 2016-17-ൽ 6.22 ശതമാനവും 2017-18-ൽ 7.18 ശതമാനവും ആയിരുന്നു. 2018-19 സാമ്പത്തിക വർഷത്തെ 2019 ജനുവരി - മാർച്ച് ക്വാർട്ടറിലെ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി വിവരങ്ങൾ ലഭ്യമായിട്ടില്ല.<br><br>ഭാരത സർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിന്റെ 2015-16-ലെ അഞ്ചാം തൊഴിൽ, തൊഴിലില്ലായ്മ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്തിന്റെ തൊഴിലില്ലായ്മ നിരക്ക് 12.5 ശതമാനമായിരുന്നു. ഈ റിപ്പോർട്ട് അനുസരിച്ച് ഭാരതത്തിലെ തൊഴിലില്ലായ്മ നിരക്ക് അഞ്ച് ശതമാനമായിരുന്നു. ഭാരത സർക്കാരിന്റെ സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ |

| | | |
|---|---|---|
| | | മന്ത്രാലയം 2019 മെയ് മാസത്തിൽ പുറത്തിറക്കിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ റിപ്പോർട്ട് അനുസരിച്ച് കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 2017-18-ൽ 11.4 ശതമാനമായി കുറഞ്ഞിട്ടുണ്ട് (ഈ റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് 6 ശതമാനമാണ്). |

**സെക്ഷൻ ഓഫീസർ**